MIDWIVES & NURSES—PARTICULARS REGARDING

218. Mrs. Dakshayani Velayudhan *(Nominated):* Will Government be pleased to give:—

(*a*) the number of midwives and nurses employed in the Medical Department;

(*b*) the number of patients attended the hospitals and dispensaries in the State in the year 1120?

Mr. C. J. Mathew *(Joint Secretary to Government):*

(*a*) Midwives 63.
Nurses 168.

(*b*) 8,86,256.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the Government can increase the number of midwives? It is seen that there are 168 nurses in this hospitals whereas the number of midwives for the whole State is only 63.

Mr. C. J. Mathew *(Joint Secretary to Government):* The idea of the Government is to increase the number of midwives. They are getting a number of midwives every year trained.

Mr. K. I. Velayudhan *(Ezhuvas-Talappalli):* Are quarters provided to these midwives like the nurses?

Mr. C. J. Mathew *(Joint Secretary to Government):* Midwives are not given quarters. As for the nurses they are supplied with quarters as far as possible. The midwives have nothing to do with patients whereas the nurses have to attend upon patients throughout the day. The work of the midwives is quite different from that of the nurses.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the Government will be pleased to give one midwife at least to each of the 273 villages?

Mr. C. J. Mathew *(Joint Secretary to Government):* That is the idea of the Government. I think about 66 villages have been supplied with these midwives.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Why then the remaining villages have not been supplied with midwife?

Mr. C. J. Mathew *(Joint Secretary to Government):* Every year we are increasing that number. Our altimate object is to give one midwife to every village.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is it due to want of hands.

Mr. C. J. Mathew *(Joint Secretary to Government):* Certainly it is due to want of hands. Every year we are training up more and more hands. The difficulty is that people do not come for the training.

DEATHS—CHALAKKUDI—ARTICLE IN THE "JENMABHOOMI"

219. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവു മറുപടി നൽകുമോ—

(എ) "ചാലക്കുടി മരണങ്ങൾ" എന്ന പേരിൽ ജന്മഭൂമി പത്രത്തിൽ ഉണ്ടായിരുന്ന ലേഖനം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തെപ്പറ്റി പൊല്ലീസ് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ;

(സി) ചാലക്കുടി പുഴയിൽ രണ്ടു ശവശരീരങ്ങൾ കണ്ടുവെന്നും, ഓയ്യാരത്താക്കന്മാരുടേതാണെന്നും, അവരെ ആരൊ കൊലപ്പെടുത്തിയതാണെന്നും ജന്മഭൂമിയിൽ ചെയ്തിരിക്കുന്ന പ്രസ്താവന ശരിയാണൊ എന്നു ഗവൺമെണ്ടു അന്വേഷിക്കുകയുണ്ടായോ;

(ഡി) ഈ മൃതശരീരങ്ങൾ പുഴയിൽ കണ്ട ഉത്തരവാദപ്പെട്ട സക്കാർ ഉദ്യോഗസ്ഥൻ കണ്ടു പൊല്ലീസിനു വിവരം അറിയിച്ചുവെന്നും, കണ്ട പൊല്ലീസ് കാൺസ്റ്റബിൾ എത്തിനോക്കിയതല്ലാതെ യാതൊന്നും ചെയ്തില്ലെന്നും ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന ആക്ഷേപത്തെപ്പറ്റിയും ഗവൺമെണ്ടു അന്വേഷിക്കുകയുണ്ടായോ;

(ഇ) മഹാരാജാവു തിരുമനസ്സിലെ രണ്ടു പ്രജകളെ ആരു കൊന്നുവെന്ന ചോദ്യത്തിനും സമാധാനം കിട്ടിയോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) ഉണ്ടു.

(ബി) ഉണ്ടു.

(സി) ഉവ്വു.

(ഡി) ഉവ്വു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലേഖനത്തിലെ ആരോപണങ്ങൾ ശരിയല്ല. കാരിക്കപ്പാറക്കാട്ടിൽവെച്ചു പുഴയിൽ ഒരു ശവശരീരം കണ്ടു എന്ന വിവരം കിട്ടിയ ഉടനെ പൊല്ലീസ് ആ സ്ഥലത്തേക്കു പുറപ്പെടുകയും കൂലങ്കഷമായ ഒരന്വേഷണം നടത്തുകയും ചെയ്തു. പക്ഷെ എന്തെങ്കിലും ചതിപ്രയോഗം നടന്നതായി സംശയിക്കുവാൻ യാതൊരു കാരണവും കണ്ടില്ല. സംഭവം നടന്നു രണ്ടുമാസം കഴിഞ്ഞതിനുശേഷമാണ് ലേഖനം പരസ്യപ്പെടുത്തിയതു്.

മിസ്റ്റർ പി. കെ. ഡീവർ : ഉത്തരവാദപ്പെട്ട ഒരു സക്കാരുദ്യോഗസ്ഥൻ കണ്ടു എന്നു പറഞ്ഞതു് ആരാണ്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : അസിസ്റ്റൻറ് ഇഞ്ചിനീയറാണ്.

മിസ്റ്റർ പി. കെ. ഡീവർ : അദ്ദേഹം രണ്ടു ശവം കണ്ടു എന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : അദ്ദേഹം ഒരു ശവം കണ്ടു എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : ലേഖനത്തിനു മുമ്പാണൊ ഗവർമ്മേണ്ടിനു റിപ്പോർട്ടു കിട്ടിയതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : ലേഖനത്തിനു മുമ്പുതന്നെ റിപ്പോർട്ടു കിട്ടി. ഉടനെ ഗവർമ്മേണ്ടു അന്വേഷിച്ചു് കേസ്സു രജിസ്റ്റു് ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : കൊലപ്പെടുത്തിയതാരാണെന്നു ലേഖനം കണ്ടതിനു ശേഷം അന്വേഷിച്ചിട്ടുണ്ടൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : ലേഖനകർത്താവു ആരാണെന്നു പത്രാധിപരോടു ചോദിച്ചിട്ടു അദ്ദേഹം വിവരമൊന്നും കൊടുത്തിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അടിസ്ഥാനരഹിതമായ ഈ മാതിരി ലേഖനം പ്രസിദ്ധപ്പെടുത്തിയ പത്രത്തിൻറെ മേൽ നടപടിയെടുത്തിട്ടുണ്ടൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : ഇതിനു നടപടി എടുക്കണമെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വെറും അസംബന്ധമായ കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പത്രത്തിൻറെ മേൽ നടപടി എടുക്കേണ്ട എന്നു പറയുന്നതു് എന്തുകൊണ്ടാണ്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : ഇതു് വെറും അസംബന്ധമൊന്നുമല്ല. ലേഖനം കിട്ടി. പത്രാധിപർ പ്രസിദ്ധപ്പെടുത്തിയെന്നേയുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പത്രാധിപർ സൂക്ഷ്മ വിവരം അറിഞ്ഞിട്ടാണൊ ലേഖനം പ്രസിദ്ധപ്പെടുത്തിയതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : എനിക്കു നിശ്ചയമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതു പത്രാധിപരോടു ചോദിച്ചാൽ അറിയുകയില്ലേ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : പത്രാധിപരോടു ചോദിച്ചു. ലേഖനകർത്താവിൻറെ വിവരമൊന്നും അദ്ദേഹം പറഞ്ഞില്ല.

മിസ്റ്റർ എം. ശിവരാമമേനോൻ : ശരിക്കു അറിയാത്ത കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തരുതെന്നു് അദ്ദേഹത്തെ ഞാൻ ഉപദേശിച്ചു. കൊലപ്പെടുത്തിയതിനെ സംബന്ധിച്ചു വല്ല വിവരവും അറിയാമെന്നുണ്ടെങ്കിൽ അതു പോലീസ്സിൻറെ മുമ്പാകെ തെളിവുകൊടുക്കണമെന്നും ഞാൻ അദ്ദേഹത്തെ ഉപദേശിച്ചു.

മിസ്റ്റർ പി. കെ. ഡീവർ : പത്രാധിപരോടു ലേഖകൻ ആരാണെന്നു ചോദിക്കാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : തെളിവുകിട്ടാനാണു് ചോദിക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ : ലേഖകൻ ആരാണെന്നു പോലീസ്സുകാർ അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : അന്വേഷിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : വിവരം ചോദിച്ചാൽ പോരെ, അല്ലാതെ ലേഖകൻറെ പേർ ചോദിക്കാമോ?

Mr. K. S. Raghavan *(Joint Secretary to Government)*: We wanted to see whether we will be able to get any information relating to the incident.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. K. Dever *(Nominated)*: Was it not enough for the Police to approach the Editor for the information and not the correspondent ?

Mr. K. S. Raghavan *(Joint Secretary to Government)*: The information is here. They wanted to know whether any further information could be collected.

Mr. P. K. Dever *(Nominated)*: Could they not get it from the Editor ?

Mr. K. S. Raghavan *(Joint Secretary to Government)*: They could not.

BOAT ACCIDENTS

220. മിസ്റ്റർ ജി. എസ്സ്". ധാരാസിങ്ങ്": താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) ഈയിടെ ഹാർബർ ഫെറി പാലത്തിന്നടുത്തുവെച്ചു ഫെറി ആൻറ് ടാൻസ് പോർട്ട് കമ്പനിക്കാരുടെ ഒരു ചെറിയ ബോട്ടു മുങ്ങിയതായും ആ അപകടത്തിൽ ചിലർക്കു ജീവാപായം നേരിട്ടതായും ഗവൺമെണ്ടിന്നറിയാമോ;

(ബി) ഇതിനെ സംബന്ധിച്ചു പരസ്യമായ അന്വേഷണം നടത്തണമെന്നു കാണിച്ചു വല്ല പ്രമേയങ്ങളൊ അപേക്ഷകളൊ ഗവൺമെണ്ടിന്നു് കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവൺമെണ്ടു് അതിനെ സംബന്ധിച്ചു എന്തു നടപടി എടുത്തു;

(ഡി) അപകടകാരണത്തെ സംബന്ധിച്ചു പരസ്യമായ വല്ല അന്വേഷണവും നടത്തുകയുണ്ടായോ:

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

മിസ്റ്റർ എ. മാധവപ്രഭു:

(എ) ഉവ്വ്.

(ബി) ഉവ്വ്. മട്ടാഞ്ചേരി മുനിസിപ്പൽ കൌൺസ്സിൽ മെമ്പർ ഏപ്രിൽ മാസം-ത്തിൽ പാസ്സാക്കിയ ഒരു പ്രമേയം ടി കൌൺസ്സിൽ ചെയർമാൻ ഗവൺമെണ്ടിനു് അയച്ചുതന്നിട്ടുണ്ടായിരുന്നു.

(സി) ടി അപകടത്തെപ്പറ്റി മേൽവിവരിച്ച പ്രമേയം കിട്ടുന്നതിന്നുമുമ്പുതന്നെ ഗവൺമെണ്ടു് നിർദ്ദേശപ്രകാരം പോലീസ്സ് കമ്മീഷണരും, ചീഫ് എഞ്ചിനീയരും, ദിവാൻപേഷ്കാരുംകൂടി ക്രമങ്കുമമായ ഒരു അന്വേഷണം നടത്തി, ഈ വിധത്തിലുള്ള അത്യാഹിതങ്ങൾ മേലാൽ സംഭവിക്കാതിരിപ്പാനുള്ള പ്രതിവിധികളും എടുത്തിരുന്നതുകൊണ്ടും പ്രസ്തുത അപകടം യാദൃശ്ചികമാണെന്നു മനസ്സിലാകയാലും പരസ്യമായ അന്വേഷണം വേണ്ടെന്നു തീരുമാനിച്ചു.

(ഡി) ഉത്തരം ആവശ്യമില്ല.

(ഇ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ജി. എസ്സ്". ധാരാസിങ്ങ്": ക്രമങ്കുമമായ അന്വേഷണം നടത്തിയെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിന്റെ രൂപമെന്താണെന്നു പറയാമോ ?

മിസ്റ്റർ എ. മാധവപ്രഭു: കീഴുദ്യോഗസ്ഥന്മാർ മുഖാന്തിരം അന്വേഷണം നടത്തീട്ടുണ്ടു്.

മിസ്റ്റർ ജി. എസ്സ്". ധാരാസിങ്ങ്": അതിന്റെ ഫലമെന്താണു് ?

Mr. A. Madhava Prabhu *(Diwan Peishkar)*: It was an accident, nothing else. It was not due to neglect of any officer or any servant of the company. It was purely an accident. That was the result of the detailed enquiry.

മിസ്റ്റർ ജി. എസ്സ്". ധാരാസിങ്ങ്": എന്നു മാത്രമാണോ അന്വേഷണറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് ?

Mr. A. Madhava Prabhu *(Diwan Peishkar)*: We have taken action to see that people do not jump into the boats after the boats leave and cause such accidents. Police are stationed at the jetties, the issue of tickets has also been ordered to be restricted to the number for which the boat is licensed and all precautions of that nature have been ordered so that they will not be allowed to get into the boat or jump into the boat and cause the boat to capsize.

Mr. P. A. Mohamed Ashrof *(Cranganur)*: May I know whether any Police Constables were posted at the jetty ?

Mr. A. Madhava Prabhu *(Diwan Peishkar)*: I want notice.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: What is the depth of the water in that place ?

LIBRARY ARCHIVES Kerala Legislative Assembly